"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രാൻസ്ജെൻഡർ ദമ്പതികളായ സഹദ്, സിയാ പവൽ എന്നിവർ സംയുക്തമായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 23763/2023 - കേസിന്മേലുള്ള 02.06.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ - കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുന്നതിന് ഐ.കെ.എം-ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.138/2025/LSGD തീയതി,തിരുവനന്തപുരം, 10-08-2025

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 23763/2023 - കേസിന്മേലുള്ള 02.06.2025 തീയതിയിലെ വിധിന്യായം
2. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ രജിസ്ട്രാറുടെ 20.06.2025 തീയതിയിലെ H10- 2074597/25 നമ്പർ കത്ത്.
3. മുഖ്യ ജനന മരണ രജിസ്ട്രാറുടെ 02.07.2025 തീയതിയിലെ LSGD/PD/61669/2023-CR2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ വച്ച് ട്രാൻസ്ജെൻഡർ ദമ്പതികളായ സഹദ്, സിയ പവൽ എന്നിവർക്ക് ജനിച്ച പെൺകുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ മാതാവിന്റെയും പിതാവിന്റെയും പേര് എന്നതിനു പകരം മാതാപിതാക്കൾ എന്ന് തിരുത്തൽ വരുത്തുന്നതിന് അപേക്ഷിച്ചുകൊണ്ട് മേൽ ട്രാൻസ്ജെൻഡർ ദമ്പതികൾ ബഹു. ഹൈക്കോടതി മുമ്പാകെ സംയുക്തമായി ഫയൽ ചെയ്തിരുന്ന WP(C) 23763/2023 കേസിൽ, നിലവിലുള്ള ജനനരജിസ്റ്ററിലെ വിശദാംശങ്ങളിൽ മാറ്റം വരുത്താതെ പെൺകുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ മാതാവിന്റെയും പിതാവിന്റെയും പേര് എന്നതിനു പകരം മാതാപിതാക്കൾ എന്ന് രേഖപ്പെടുത്തി, പരാമർശം (1) ഉത്തരവിന്റെ പകർപ്പ് ലഭ്യമായ തീയതി മുതൽ 2 മാസത്തിനകം ജനനസർട്ടിഫിക്കറ്റ് നൽകുന്നതിന് അഞ്ചാം എതിർകക്ഷിയായ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷ ൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

2. ബഹു.ഹൈക്കോടതിയുടെ പരാമർശം (1) ഉത്തരവ് പ്രകാരം Name of father/ പിതാവിന്റെ പേര്, Name of mother/മാതാവിന്റെ പേര് എന്നിവയ്ക്കു പകരം "Name of Parents/ മാതാപിതാക്കളുടെ പേര്" എന്നു മാറ്റം വരുത്തി അതിനു നേരേ ഒന്നും രണ്ടും ഹർജിക്കാരുടെ പേര് രേഖപ്പെടുത്തി മൂന്നാം ഹർജിക്കാരിയുടെ ജനനസർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്ന

വിധത്തിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷന് (ഐ.കെ.എം) നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം മുഖ്യ ജനന മരണ രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതി വിധിയുടെയും മുഖ്യ ജനന മരണ രജിസ്ട്രാരുടെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ പരാമർശം (1) കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ ദമ്പതികളായ സഹദ്, സിയ പവൽ എന്നിവർക്ക് ജനിച്ച പെൺകുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ മാതാവിന്റെയും പിതാവിന്റെയും പേര് എന്നതിനു പകരം മാതാപിതാക്കൾ എന്ന് തിരുത്തൽ വരുത്തി ജനനസർട്ടിഫിക്കറ്റ് നൽകാൻ കഴിയുന്ന വിധത്തിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുന്നതിന് ഐ.കെ.എം-ന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. മുഖ്യ ജനന മരണ രജിസ്ട്രാർ, തിരുവനന്തപുരം.
2. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
3. സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്.
4. വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. ഓഫീസ്/കരുതൽ പകർപ്പ് (ആർഡി3/68/2025-തസ്വഭവ).

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 12-08-2025 16:52:28

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-ക്ക്.